Draft #10 of File 14117/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 01-Jan-2021 03:07 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സി.എം.എസ്. കോളേജ്, കോട്ടയം (സ്വയംഭരണം) - M.Sc.Zoology, M.Sc.Chemistry, M.Com, MA Malayalam, MA English എന്നീ എയ്ഡഡ് പ്രോഗ്രാമുകൾക്ക് 2020-'21 വർഷത്തേക്ക് മാത്രമായി സീറ്റ് വർദ്ധനവ് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 30/AC B 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 01.01.2021

---

*പരാമർശം:*-1) 11/06/2020-ലെ 17799/ACA1-3/2020/ACA1 നമ്പർ വിജ്ഞാപനം.
2) 15/09/2020-ലെ 4063/ACB7/2020/എം.ജി.യു. നമ്പർ ഉത്തരവ്.
3) 09/07/2020-ലെ 17799/ACA1-3/2020/ACA1 നമ്പർ വിജ്ഞാപനം.
4) 29/09/2020-ലെ 4358/ACB7/2020/എം.ജി.യു നമ്പർ ഉത്തരവ്.
5) 12/11/2020-ലെ 5363/ACB7/2020/എം.ജി.യു നമ്പർ ഉത്തരവ്.
6) സി.എം.എസ്. കോളേജ് പ്രിൻസിപ്പൽ 02/12/2020-തീയതിയിൽ നൽകിയ CMS/789/2020 നമ്പർ കത്ത്.

**ഉത്തരവ്**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന വിവിധ ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2020-'21 അധ്യയന വർഷം നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിനായി പരാമർശം-1 പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കോട്ടയം സി.എം.എസ് കോളേജ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിക്കുകയും, ടി കോളേജിലെ 15 പ്രോഗ്രാമുകൾക്ക് 2020-'21 അധ്യയന വർഷത്തെ നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിച്ചുകൊണ്ട് പരാമർശം-2 ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പിന്നീട് പരാമർശം-3 വിജ്ഞാപന പ്രകാരം നാമമാത്ര സീറ്റ് വർദ്ധനവിന് ശേഷവും സീറ്റുകൾ ആവശ്യമുള്ള കോളേജുകളിൽ നിന്നും പ്രോഗ്രാം ഒന്നിന് 7500/- രൂപ ഈടാക്കിക്കൊണ്ട് 2020-'21 അധ്യയന വർഷത്തേക്ക് മാത്രമായി ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 70 സീറ്റ് വരെയും, സയൻസ് വിഷയങ്ങളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 25 സീറ്റ് വരെയും, ആർട്സ്-കോമേഴ്സ് എന്നീ വിഷയങ്ങളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 30 സീറ്റ് വരെയും വർദ്ധനവ് അനുവദിക്കുന്നതിനു അപേക്ഷ ക്ഷണിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ടി കോളേജിൽ നടത്തിവരുന്ന 6 പ്രോഗ്രാമുകൾക്ക് അധിക സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷ പരിഗണിച്ചുകൊണ്ട് കോട്ടയം സി.എം.എസ്. കോളേജിൽ നടത്തിവരുന്ന 6 പ്രോഗ്രാമുകൾക്ക് 2020-'21 വർഷത്തേക്ക് മാത്രമായി അധിക സീറ്റ് വർദ്ധനവ് അനുവദിച്ചുകൊണ്ട് പരാമർശം-4 ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പരാമർശം-3 വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ടി കോളേജിൽ നടത്തിവരുന്ന ബിഎ.ഇക്കണോമിക് (എയ്ഡഡ്) പ്രോഗ്രാമിന് കൂടി 2020-'21 വർഷത്തേക്ക് മാത്രമായി അധിക സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് പ്രിൻസിപ്പൽ വീണ്ടും അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ചുകൊണ്ട് സ്വയംഭരണ കോളേജായ കോട്ടയം സി.എം.എസ്. കോളേജിൽ നടത്തിവരുന്ന ബിഎ.ഇക്കണോമിക് (എയ്ഡഡ്) പ്രോഗ്രാമിന് 2020-'21 വർഷത്തേക്ക് മാത്രമായി സീറ്റ് വർദ്ധനവ് അനുവദിച്ചുകൊണ്ട് പരാമർശം 5 ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാലത്തിൽ വിവിധ പി ജി പ്രോഗ്രാമുകളിലേയ്ക്ക് പ്രവേശനത്തിനായി നിരവധി അപേക്ഷകർ കോളേജിനെ ഇപ്പോഴും സമീപിക്കുന്നതിനാൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

കഴിയുന്നത്ര വിദ്യാർഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിനായി പരാമർശം-3 വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ടി കോളേജിൽ നടത്തിവരുന്ന M.Sc.Zoology, M.Sc.Chemistry, M.Com, MA Malayalam, MA English എന്നീ എയ്ഡഡ് പ്രോഗ്രാമുകൾക്ക് കൂടി 2020-'21 വർഷത്തേക്ക് മാത്രമായി അധിക സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് നിർദ്ദിഷ്ട ഫീസും 500/- രൂപ പിഴയും അടച്ച് പരാമർശം-6 പ്രകാരം പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ഇതിൽ M.Sc.Chemistry, M.Com എന്നിവയ്ക്ക് ടി വർഷം തന്നെ നാമമാത്ര സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുള്ളതാണ്.

പ്രസ്തുത അപേക്ഷ പരിഗണിച്ചുകൊണ്ട് സ്വയംഭരണ കോളേജായ കോട്ടയം സി.എം.എസ്. കോളേജിൽ നടത്തിവരുന്ന M.Sc.Zoology, M.Sc.Chemistry, M.Com, MA Malayalam, MA English എന്നീ എയ്ഡഡ് പ്രോഗ്രാമുകൾക്ക് താഴെ സൂചിപ്പിക്കുന്ന രീതിയിൽ 2020-'21 വർഷത്തേക്ക് മാത്രമായി സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| Sl.No. | Programme Name | Sanctioned Strength | Total Strength including Marginal Increase for the year 2020-'21 | Total No. of Seats requested by the College for 2020 -21 | Total No. of Seats approved for the year 2020-'21 |
|---|---|---|---|---|---|
| 1 | M.Sc.Zoology | 10 | - | 30 | 25 |
| 2 | M.Sc.Chemistry | 15 | 19 | 30 | 25 |
| 3 | M.Com | 15 | 19 | 30 | 30 |
| 4 | MA Malayalam | 15 | - | 30 | 30 |
| 5 | MA English | 25 | - | 30 | 30 |

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. പ്രിൻസിപ്പൽ, CMS കോളേജ്, കോട്ടയം
4. മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി , ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
6. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
7. അസിസ്റ്റൻറ് രജിസ്ട്രാർ IV(അക്കാദമിക്) /അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8. ഏസി.സി. സെക്ഷൻ
9. പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെൽ/ ഐ.ക്യൂ.എ.സി.
10. ഇ.ഐ.36 സെക്ഷൻ/ഇ.ഐ.38 സെക്ഷൻ/ ഇ.ഐ.39 സെക്ഷൻ
11. സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

Draft #10 of File 14117/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 01-Jan-2021 03:07 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല - കേരളം